**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 653** **17-09-2025 - ൽ മറുപടിയ്ക്ക്**

**കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കൽ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ നവോദയ കുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കി കണ്ണൂർ ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കലക്ടർ മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. - കിൻഫ്ര നം.2) - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച പ്രസ്തുത ഭൂമിയിൽ ക്രയവിക്രയങ്ങൾ നടത്തുന്നതിന് നിയമാനുസരണം സാധിക്കാത്തതിനാൽ ഭൂവുടമകൾ ഭൂമിയുടെ ക്രയവിക്രയങ്ങൾ നടത്താനാവാതെ പ്രയാസപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് തയ്യാറാക്കി കണ്ണൂർ ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കലക്ടർ മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ. - കിൻഫ്ര നം.2) - നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ തഹസിൽദാർ ഓഫീസിന് പുറമെ, ഒരു സ്പെഷ്യൽ തഹസിൽദാർ ഓഫീസു കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ